**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2716** **28-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി യുവതീ യുവാക്കളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കെ.ഡി.ഐ.എസ്.സി., അസാപ്, കെ.എ.എസ്.ഇ. എന്നിവ മുഖേന പട്ടികജാതി യുവതീ യുവാക്കളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ പട്ടികജാതി യുവതീ യുവാക്കളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി ഐ.ടി, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, അനിമേഷൻ, കൺസ്ട്രക്ഷൻ, ആരോഗ്യം, ഓയിൽ & ഗ്യാസ്, മറൈൻ വ്യവസായം, എയർലൈൻ, എയർപോർട്ട് മേഖല, കാർഗോ മാനേജ്മെന്റ് തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികൾ സർക്കാർ അംഗീകൃത സ്ഥാപനങ്ങളായ KASE (Kerala Academy for Skills Excellence), KELTRON (Kerala State Electronics Development Corporation Limited), CIPET (Central Institute of Petrochemicals Engineering & Technology), CDAC (Centre for Development of Advanced Computing), ASAP (Additional Skill Acquisition Programme Kerala) മുഖേന നടപ്പിലാക്കുന്നു. ഇത്തരം നൈപുണ്യ വികസന പരിപാടികൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പരിശീലന സ്ഥാപനങ്ങളുമായിച്ചേർന്ന് വിവിധ വ്യവസായ മേഖലകളിൽ പ്ലേസ്മെന്റ് ഉറപ്പാക്കുന്നു. |
| (ബി) | ഒൻപത്, പത്ത് എന്നീ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി നിലവിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; വിശദമാക്കുമോ? | (ബി) | 9-10 ക്ലാസുകളിലെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പ്രീമെട്രിക് സ്കോളർഷിപ്പ്, ലംപ്സംഗ്രാന്റ്, സ്റ്റൈപന്റ്, ബുക്കുകളും, പഠനോപകരണങ്ങളും വാങ്ങുന്നതിനുള്ള ധനസഹായം, ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ധനസഹായം എന്നിവ അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ